**ME 510**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2026

## MALAYALAM

First Language - Paper II

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A **അല്ലെങ്കിൽ** B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം.**

**4x1=4**

1. "ചോലക്കാട്ടിലെ നീർക്കാക്ക മുങ്ങിയ കുഴിയിൽ
മീനുകൾ വീട്ടുതിണ്ണ കെട്ടുന്നു." **1**

(ഏട്ടക്കൂരി)

ഇവിടെ സൂചിതമാവുന്നതെന്ത് ?

(A) നീർക്കാക്കകളോടുള്ള മീനുകളുടെ സ്നേഹം
(B) പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അതിജീവന ശ്രമം
(C) മനുഷ്യജീവിതത്തിന്റെ സൗന്ദര്യം
(D) മീനുകൾക്കിടയിലെ ഐക്യമില്ലായ്മ

2. കുടുംബ ജീവിതത്തിലെ <u>സ്നേഹവാത്സല്യങ്ങൾ</u> അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ച കുട്ടികൾ. **1**

വാക്യ സന്ദർഭത്തിൽ അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹാർഥം ഏത് ?

(A) സ്നേഹത്തിലെ വാത്സല്യം
(B) സ്നേഹമാകുന്ന വാത്സല്യങ്ങൾ
(C) സ്നേഹവും വാത്സല്യവും
(D) സ്നേഹം എന്ന വാത്സല്യം

Score

3. ''പഞ്ചവർണ്ണപ്പൈങ്കിളിയില്
പങ്ക് റങ്കുള്ളോളെ.'' 1

(ഖൽബിലെ നിലാവ്)

ഈ വരികളിലെ ആശയത്തിന് യോജിച്ച പ്രസ്താവന ഏത് ?

(A) പഞ്ചവർണ്ണക്കിളിയെ ഇഷ്ടപ്പെടുന്നവളാണ് നായിക.

(B) പഞ്ചവർണ്ണക്കിളിക്കും നായികയ്ക്കും ഒരേ വർണ്ണമാണ്.

(C) നായികയുടെ സ്വരം അതിമനോഹരമാണ്.

(D) ആകർഷകമായ സൗന്ദര്യത്തിനുടമയാണ് നായിക.

4. ''എങ്ങാനുമുണ്ടോ വെട്ടം ? 1

ചുറ്റുമീയിരുൾനാട്ടിലെൻ-
ചങ്ങാതിമാർതൻ ഗേഹ-
മിപ്പോഴുമിരുട്ടിൽത്താൻ.''

(വിഷുക്കണി)

കാവ്യ സന്ദർഭത്തിൽ വെട്ടം എന്ന പ്രയോഗത്തിന്റെ സവിശേഷാർഥമെന്ത് ?

(A) കരുണ (B) അധികാരം (C) ദാരിദ്ര്യം (D) സമൃദ്ധി

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)** 3x3=9

5. അർഥവ്യത്യാസം വരാതെ മൂന്നു വാക്യമാക്കുക. 3

ശാസ്ത്ര വിജ്ഞാനവും ശാസ്ത്രാവബോധവും വളർത്തുകയും ശാസ്ത്രം മനുഷ്യരാശിക്കു നൽകിയിട്ടുള്ള സംഭാവനകൾ വിശദീകരിച്ചുകൊണ്ട് മനുഷ്യരെ ശുഭാപ്തി വിശ്വാസികളാക്കി മാറ്റുകയും ചെയ്യുക എന്നത് ഒരു പ്രധാന കർമ്മ പദ്ധതിയായി ഏറ്റെടുക്കേണ്ടതുണ്ട്.

6. ''അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്വങ്ങനെ ? അന്റെ പെയിന്റടി പോലല്ലാത്. എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല...'' 3

(ചിത്രകാരി)

ഇത്തരം സമീപനങ്ങളോടുള്ള നിങ്ങളുടെ പ്രതികരണമെന്ത് ? വ്യക്തമാക്കുക.

Score

7\. (A) ''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ! 3
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.''
ഈ വരികളിലെ ആശയഭംഗി കണ്ടെത്തി എഴുതുക.

**അല്ലെങ്കിൽ**

(B) ''കാത്തിരുന്ന് കാത്തിരുന്ന്
കാൽതരിച്ചു പോയി, കാൽ തരിച്ചുപോയി...
കൺമണിയെ കാണുവാനായ്
കൺ കൊതിച്ചുപോയി...

(ഖൽബിലെ നിലാവ്)

നായികയോടുള്ള സ്നേഹത്തിന്റെ ആഴം ഗാനഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ ? 3

**8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)** **4x5=20**

8\. ''ക്ലാസ് മുറികളിൽ നിന്ന് പഠിക്കുന്നതു പോലും അറിവായി മാറുന്നത് സാമൂഹികമായ ഇടപെടലുകളിലൂടെയാണ്. സമൂഹത്തിന്റെ ഭാഷയിലൂടെയാണ് അത് നടക്കുക. മാതൃഭാഷാധിഷ്ഠിത പഠനത്തിന്റെ പ്രാധാന്യം ഇവിടെയാണ് പ്രസക്തമാവുന്നത്.'' 5

(വിജ്ഞാന ഭാഷയും വൈജ്ഞാനിക സമൂഹവും)

പഠന മാധ്യമം മാതൃഭാഷയാവുന്നതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം ? നിങ്ങളുടെ പഠനാനുഭവങ്ങളുടെ കൂടി വെളിച്ചത്തിൽ, വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

9\. ''എല്ലാമെനിക്കു സുഖമാണ്, ധന്യമാ- 5
ണെങ്കിലു, മുണ്ടൊരസംതൃപ്തിയെപ്പോഴും
മാനുഷരെല്ലാരുമൊന്നുപോലാവുന്ന
മാനവധർമ്മം പുലർന്നില്ലിതേവരെ.''

(വയലാർ).

''കണികാൺമതിൻമുമ്പേ
കൺതുറന്നിട്ടാവാം, ഞാ-
നിനിയാപ്പുലർകാലം-
വരെയുമസംതൃപ്തൻ.

(വൈലോപ്പിള്ളി)

രണ്ടു കാവ്യഭാഗങ്ങളിലും തെളിയുന്ന സാമൂഹിക കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. 5

Score

10. (A) ''ഞാൻ ഓടിച്ചാടിക്കടന്ന കല്ലുകളെല്ലാം 5

അങ്ങാടി കാണുന്നു.

ഞാൻ ഇരുന്നിരുന്ന മരത്തിലെല്ലാം

വഴുക്കലാണ്.''

(ഏട്ടക്കൂരി)

ജീവിത പരിസരത്തിൽ നിന്ന് പുറത്താക്കപ്പെട്ട ഒരു ജനതയുടെ ദുഃഖവും നിസ്സഹായതയും ഈ കാവ്യഭാഗത്ത് പ്രകടമാവുന്നുണ്ടോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**അല്ലെങ്കിൽ**

(B) ഉടമ : എനിക്കു ചിറകില്ലല്ലോ, ഞാൻ തന്നെ അവ അറുത്തെറിഞ്ഞില്ലേ ? ഉടമയാകാൻ, കൂരമ്പേന്താൻ. 5

കിളികൾ : നിനക്ക് ചിറകുകൾ ഞങ്ങൾ തരാം...

സ്വർണ്ണച്ചിറകുകൾ, സ്വപ്നങ്ങൾ...

(ഒരു പക്ഷിക്കുഞ്ഞിന്റെ മരണം)

''സ്നേഹിച്ചവരുടെ കണ്ണുനീർ കാണുവാൻ

മോഹിക്കുമാറില്ല ശുദ്ധമാം സൗഹൃദം.''

(ജി. ശങ്കരക്കുറുപ്പ്)

ഈ വരികളിലെ ആശയവുമായി ബന്ധിപ്പിച്ച് നാടക സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേരളത്തിൽ കുട്ടികളുടെ നാടകവേദിയെക്കുറിച്ച് ആഴത്തിൽ അന്വേഷണം നടത്തിയ ജി. ശങ്കരപ്പിള്ള, തന്റെ പുതിയ നാടക സങ്കല്പം പ്രചരിപ്പിക്കുന്നതിൽ പരിശ്രമിച്ചിരുന്നു. ഗൗരവമാർന്ന ഒരു വിഷയമാണ് മൂന്ന് പണ്ഡിതൻമാരും പരേതനായ സിംഹവും എന്ന നാടകത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത്. ആധുനിക സമൂഹം നേരിടുന്ന വെല്ലുവിളികളെയും ഭീഷണികളെയും കുറിച്ചുള്ള സമഗ്രമായ ബോധം വളർത്താനും വിമർശനാത്മകമായ സമീപനവും കാഴ്ചപ്പാടും രൂപപ്പെടുത്താനും ഈ നാടകം ലക്ഷ്യമിടുന്നു. സാമൂഹിക പ്രശ്നങ്ങളെ ഗൗരവത്തോടെ കാണുന്ന ഒരു തലമുറയാണ് വളർന്നു വരേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നേരിട്ട് സാരോപദേശം നൽകുന്നതിനു പകരം പ്രശ്നങ്ങളുടെ സങ്കീർണ്ണതയിലേക്കു നയിക്കുന്ന സൂചനകൾ നൽകി ചിന്തയെ ഉണർത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. മലയാള

Score

നാടകവേദിയുടെ ഒരു വികാസഘട്ടത്തിനു നേതൃത്വം നൽകിയ വ്യക്തി എന്ന നിലയിലും ജി. ശങ്കരപ്പിള്ള ആദരണീയനാണ്. നാടക രംഗത്ത് ഏറെ പരീക്ഷണങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപക ഡയറക്ടറായി പ്രവർത്തിച്ച അദ്ദേഹം നവീനമായ ഒരു നാടക സംസ്കാരത്തിനു വിത്തുപാകാനുള്ള ചുമതല ഏറ്റെടുത്തു.

(i) ഈ ഗദ്യ ഭാഗത്തിന് യോജിച്ച ശീർഷകം നൽകുക. 1

(ii) ജി. ശങ്കരപ്പിള്ള ആദരണീയനാണെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്ത് ? 2

(iii) നാടക രചനയിലൂടെ ജി. ശങ്കരപ്പിള്ള ലക്ഷ്യമിട്ടത് എന്തെല്ലാമായിരുന്നു ? 2

**ചുവടെ നൽകിയ ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ)** 1x7=7

12. (A) ''അവന് ഏറ്റവും മനഃപീഡ തോന്നിയിരുന്നത് കുട്ടികളുടെ ഇടയിൽ വഴക്കുകൾ ഉണ്ടാകുമ്പോൾ സഹപാഠികൾ അവനെ ആരുമില്ലാത്തവൻ എന്നു വിളിച്ച് അപഹസിക്കുമ്പോഴായിരുന്നു.'' 7

''തനിക്ക് കൈവന്ന ഭാഗ്യം തന്റെ കൊച്ചു സുഹൃത്തിനെ അറിയിക്കാനുള്ള അക്ഷമയോടെ അവൻ വേഗം നടന്നു.''

(ആനന്ദാശ്രുക്കൾ)

സൂചനകളും കഥയും വിശകലനം ചെയ്ത് ജോസ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**അല്ലെങ്കിൽ**

(B) ''അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന ഈ നാടകം അക്കാലത്ത് ഒരാറ്റംബോംബായിരുന്നു.'' 7

(ചരിത്രം രചിച്ച നാടകം)

നവകേരളത്തെ രൂപപ്പെടുത്തുന്നതിൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം വലിയ പങ്കുവഹിച്ചിട്ടുണ്ട്. പാഠഭാഗം വിശകലനം ചെയ്ത്, 'നാടകവും സാമൂഹിക പരിവർത്തനവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

-oOo-